**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3159** **25-10-2021 - ൽ മറുപടിയ്ക്ക്**

**വിദ്യാർത്ഥികൾക്ക് സുരക്ഷിതമായ പഠന സൗകര്യം ഉറപ്പുവരുത്തൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എൻ.ഷംസീർ,<br>ശ്രീ. കെ.എം.സച്ചിൻദേവ്,<br>ഡോ സുജിത് വിജയൻപിള്ള,<br>ശ്രീ എം എസ് അരുൺ കുമാർ | | **Shri V Sivankutty**<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് സാന്നിദ്ധ്യം തുടരുന്ന പശ്ചാത്തലത്തിൽ വിദ്യാർത്ഥികൾക്ക് സുരക്ഷിതമായ പഠന സൗകര്യം ഉറപ്പുവരുത്തുന്നതിന് വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ബന്ധപ്പെട്ട എല്ലാ വകുപ്പുമായും കൂടിയോലോചിച്ചാണ് കുട്ടികളുടെ സുരക്ഷയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് മാർഗരേഖ തയ്യാറാക്കിയിട്ടുള്ളത്. അതിൻെറ ഭാഗമായി ആരോഗ്യ സുരക്ഷാ കാര്യങ്ങൾ സംബന്ധിച്ച് സ്കൂൾ തുറക്കുന്നതിനു മുമ്പ് തന്നെ അധ്യാപകർ, ഇതര ജീവനക്കാർ, രക്ഷിതാക്കൾ, കുട്ടികൾ എന്നിവർക്ക് ആരോഗ്യ വകുപ്പിൻെറ നേതൃത്വത്തിൽ ആവശ്യമായ ബോധവത്കരണ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. രക്ഷകർത്താക്കളുടെ സമ്മതത്തോടെ താല്പര്യമുള്ള കുട്ടികൾക്ക് മാത്രമാണ് സ്കൂളിൽ വരാൻ നിർദേശം നൽകിയിട്ടുള്ളത്. ബാക്കിയുള്ള കുട്ടികൾക്ക് നിലവിലെ ഡിജിറ്റൽ/ ഓൺലൈൻ ക്ലാസുകൾ പ്രയോജനപ്പെടുത്താവുന്നതാണ്. കുട്ടികളുടെ ആരോഗ്യ സുരക്ഷ സംബന്ധിച്ച് മാർഗരേഖയിൽ വ്യക്തമായ നിർദേശങ്ങൾ നൽകിയിട്ടുണ്ട്. മാർഗ നിർദേശത്തിൽ പരാമർശിക്കുന്ന കാര്യങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് പരിശോധിക്കാൻ എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും നിർദേശം നൽകിയിട്ടുണ്ട്. കൂടാതെ വിദ്യാർത്ഥികളുടെ യാത്രാ സംവിധാനവുമായി ബന്ധപ്പെട്ട് ഗതാഗത വകുപ്പ് പ്രത്യേക മാർഗരേഖയും പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ഈ പശ്ചാത്തലത്തിൽ വിദ്യാർത്ഥികൾക്ക് സുരക്ഷിതമായ പഠന സൗകര്യം ഉറപ്പുവരുത്തുന്നതിന് അദ്ധ്യാപകർ, അനദ്ധ്യാപകർ തുടങ്ങിയവരുടെ വാക്സിനേഷൻ സമയബന്ധിതമായി നടപ്പാക്കാൻ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ബി) | സ്കൂൾ തുറക്കുന്ന പശ്ചാത്തലത്തിൽ അധ്യാപകർ, അനദ്ധ്യാപകർ തുടങ്ങിയ ജീവനക്കാർക്ക് വാക്സിനേഷൻ നൽകുന്നതിൻെറ ഭാഗമായി പല കാരണങ്ങളാൽ വാക്സിനേഷൻ സ്വീകരിച്ചിട്ടില്ലാത്ത ജീവനക്കാർക്ക് അടിയന്തിരമായി സ്കൂൾ തുറക്കുന്നതിന് മുമ്പ് തന്നെ വാക്സിനേഷൻ പൂർത്തിയാക്കണമെന്ന് നിർദേശം നൽകിയിട്ടുണ്ട്. അധ്യാപകരെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തി |

| | | | |
|---|---|---|---|
| | | | വാക്സിനേഷൻ നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ